NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

TITLE: **നിരാമയ ഹെൽത്ത് ഇൻഷുറൻസ് സ്കീം, ലീഗൽ ഗാർഡിയൻഷിപ്പ്**

Vocational Paper Series No: 16 Vol: 2017/02

# <u>നിരാമയ ഹെൽത്ത് ഇൻഷുറൻസ് സ്കീം</u>

കേന്ദ്ര ഗവൺമെന്റിന്റെ ''സോഷ്യൽ ജസ്റ്റിസ് ആൻറ് എംപവർമെൻറ് മിനിസ്ട്രിയുടെ'' നാഷണൽ ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുള്ള ഒരു സമ്പൂർണ്ണ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് നിരാമയാഹെൽത്ത് ഇൻഷുറൻസ് സ്കീം. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾഡിസെബിളിറ്റി എന്നിവ ഉള്ളവരുടെ ക്ഷേമത്തിനായി നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്.

**സവിശേഷതകൾ**

- നാഷണൽ ട്രസ്റ്റ് ആക്റ്റ് 1999–ന്റെ പരിധിയിൽ ഉൾപ്പെടുന്ന 40% നു മേൽ വൈകല്യമുള്ള എല്ലാ വ്യക്തികൾക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നു.
- പ്രായ പരിധി ഇല്ല.
- മുൻകാല രോഗാവസ്ഥ ബാധകമല്ല.
- മുൻകൂർ മെഡിക്കൽ ചെക്കപ്പ് ആവശ്യമില്ല.
- പദ്ധതിയിൽ അംഗമായി ചേർന്ന് ഹെൽത്ത് കാർഡ് ലഭിക്കുന്ന ദിവസം മുതൽ ആനുകൂല്യം ലഭിക്കുന്നു.

**സ്കീമും പരിരക്ഷയും**

- ഇന്ത്യയിൽ എവിടെ നിന്നും മേൽപ്പറഞ്ഞ വൈകല്യങ്ങളുള്ള വ്യക്തികൾക്ക് നേടുന്ന ചികിത്സകൾക്ക് ഈ പദ്ധതി ആനുകൂല്യം ലഭ്യമാണ്.
- ഔട്ട് പേഷ്യൻറ്.
- ഓ.പി. വിഭാഗം.
- ഒരു ലക്ഷം രൂപയ്ക്കുള്ള ഇൻഷുറൻസ് കവറേജാണ് ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ ലഭിക്കുന്നത്.
- ഇൻപേഷ്യൻറ് വിഭാഗം/ കിടത്തി ചികിത്സ.

**ആനുകൂല്യങ്ങൾ**

| | |
|---|---|
| ഓ.പി. ചികിത്സ | 14,500/ സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ,<br>(സ്കാൻ/ ലാബ്ടെസ്റ്റുകൾ/ എക്സറേ എന്നിവ)<br>Rs. 8000/<br>വൈകല്യത്തെ തുടർന്നുള്ള റഗുലർ ചെക്കപ്പുകൾ Rs. 4000/<br>പല്ല്സംബന്ധമായചികിത്സ Rs. 2500/ |
| ഫിസിയോ/ ഒക്കുപേഷണൽ/ സ്പീച്ച്തെറാപ്പി | 10,000/ |
| ഹോമിയോ/ ആയുർവേദം തുടങ്ങിയ ഇതര ചികിത്സ | 4500/ |
| ആംബുലൻസ്/ ടാക ്സിതുടങ്ങിയയാത്രചെലവുകൾ | 1000/ |
| ആശുപത്രികിടത്തിചികിത്സ | 70,000/<br>ഓപ്പറേഷൻ Rs.65,000/<br>വൈകല്യവുമായി ബന്ധപ്പെട്ട ഓപ്പറേഷൻ- Rs.40,000/<br>മറ്റ്അസുഖങ്ങളെ/അപകടങ്ങളെതുടർന്നുള്ള ഓപ്പറേഷൻ- Rs.15,000/<br>സാധാരണഅസുഖങ്ങൾക്കുള്ളകിടത്തിചികിത്സ-Rs.15,000/ |
| മൊത്തം | 1,00,000/ |

**ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനായി ചെയ്യേണ്ട കാര്യങ്ങൾ**

- നാഷണൽ ട്രസ്റ്റിൻറെ കേരള സ്റ്റേറ്റ് നോഡൽ ഏജൻസി സെൻററായ കൊല്ലം ആശ്രയയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായും ഇവ സമർപ്പിക്കാം.
- പാസ്സ്പോർട്ട്—സൈസ് കളർ ഫോട്ടോ.
- റേഷൻ കാർഡിന്റെ കോപ്പി.
- മെഡിക്കൽ ബോർഡ് (ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി/ഗവണ്മെൻറ് മെഡിക്കൽകോളേജ്) നൽകുന്ന വൈകല്യ സർട്ടിഫിക്കറ്റിന്റെ കോപ്പി.
- അഡ്രസ്സ് പ്രൂഫ് ( ആധാർ,വോട്ടർ ഐഡി എന്നിവ).
- ജനന തീയതി തെളിയിക്കുന്നതിനായിട്ടുള്ള രേഖ.
- വൈകല്യമുള്ള വ്യക്തിയുടെ പേരിൽ ഉള്ള ബാങ്ക് അക്കൗണ്ട് (ജോയിൻറ്/ വ്യക്തിഗത അക്കൗണ്ട്) പാസ്സ്ബുക്കിന്റെ കോപ്പി.
- വാർഷിക പ്രീമിയം തുക.

**വാർഷിക പ്രീമിയം തുക**

□ ഈ പദ്ധതിയിൽ വരുമാന പരിധിയില്ല. ചേരുന്നതിന് എ.പി.എൽ. കുടുംബക്കാർക്ക് 500/ രൂപയും ബി.പി.എൽ. കുടുംബക്കാർക്ക് 250/ രൂപയുമാണ് പ്രീമിയം അടക്കേണ്ടത്.

□ വർഷം തോറും പുതുക്കുമ്പോൾ 50/ രൂപയുമാണ് പ്രീമിയം അടക്കേണ്ടത്.

**ഇൻഷുറൻസ് പുതുക്കൽ**

□ ഒരു വർഷമാണ് നിരാമയ ഇൻഷുറൻസിന്റെ കാലാവധി (ഉദാ:2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ മാത്രം) വർഷാവർഷം പുതുക്കണം.

□ എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് പുതുക്കേണ്ടത്.

□ നാഷണൽ ട്രസ്റ്റിന്റെ കേരളസ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ കൊല്ലം ആശ്രയയുമായി ബന്ധപ്പെട്ട് കാർഡ് പുതുക്കേണ്ടതാണ്.

□ പുതുക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ച് സമയാസമയങ്ങളിൽ പുതുക്കിയ കാർഡ് കൈപ്പറ്റണം. വർഷം തോറും കാർഡ് നമ്പർ മാറും.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**ഓ.പി. ചികിത്സാ ചെലവുകൾ**

□ ചികിത്സ നടത്തി 25 ദിവസത്തിനുള്ളിൽ അപേക്ഷയും അനുബന്ധരേഖകളും ഇൻഷുറൻസ് കമ്പനിയിൽലഭിക്കത്തക്കവിധം രജിസ്ട്രേഡ് പോസ്റ്റായി അയക്കേണ്ടതാണ്.

□ ഒറിജിനൽ ട്രീറ്റ്മെൻറ് സർട്ടിഫിക്കറ്റ്(കഴിക്കുന്ന മരുന്ന്,ടെസ്റ്റുകൾ,തെറാപ്പിവിവരങ്ങൾ, എന്നിവരേഖപ്പെടുത്തിയ ട്രീറ്റ്മെൻറ് സർട്ടിഫിക്കറ്റ് ആശുപത്രി/ഡോക്റുടെ ലെറ്റർ പാഡിൽ ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ടു സീൽ ചെയ്യണം.

□ മരുന്നുകളുടെ ഒറിജിനൽ, ടെസ്റ്റ് റിപ്പോർട്ട് (ലാബ്ടെസ്റ്റ്, ഇ.സി.ജി, ഇ.ഇ.ജി, എക്സ്-റേ ബില്ലിന്റെ പുറകിൽ ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ടു സീൽ വയ്ക്കണം.

□ ഇതോടൊപ്പം ഡിസെബിളിറ്റി സർട്ടിഫിക്കട്ടിന്റെ സ്വയം അറ്റസ്റ്റ് ചെയ്ത കോപ്പി, ബാങ്ക് പാസ്സ്ബുക്ക്, നിരാമയ കാർഡ് എന്നിവയുടെ കോപ്പി ബില്ലിനോടൊപ്പം വയ്ക്കുക.

**കിടത്തി ചികിത്സാ ചെലവുകൾ**

□ ഒറിജിനൽ ഡിസ്ചാർജ് സമ്മറി(രോഗിയുടെ പേരുവിവരം,അസുഖ വിവരം,അഡ്മിറ്റ്— -ഡിസ്ചാർജ് ചെയ്ത തീയതി, സമയം, നൽശിയ ചികിത്സ, അനുബന്ധ ടെസ്റ്റ് വിവരങ്ങൾ മുതലായവ രേഖപ്പെടുത്തണം).

□ അഡ്മിറ്റ് മുതൽ ഡിസ്ചാർജ് വരെയുള്ള മരുന്നുകളുടെ ബിൽ, വലിയ തുകയുടെ തരം തിരിച്ചുള്ള ബില്ലുകൾ എന്നിവ ഡോക്ടർ ഒപ്പിട്ടു സീൽ വയ്ക്കണം.

□ മരുന്നുകളുടെ ഒറിജിനൽ, ടെസ്റ്റ് റിപ്പോർട്ട് (ലാബ്ടെസ്റ്റ്, ഇ.സി.ജി, ഇ.ഇ.ജി, എക്സ്-റേ ബില്ലിന്റെ പുറകിൽ ചികിത്സിക്കുന്ന ഡോക്ടർ ഒപ്പിട്ടു സീൽ വയ്ക്കണം.

□ യാത്രാ ചെലവ് ലഭിക്കുന്നതിനായി ആംബുലൻസ്/ടാക്സി എന്നിവയുടെ ഒറിജിനൽ ബിൽ.

□ ബാങ്കിന്റെ ഇ.എഫ്.റ്റി ഇതോടൊപ്പം ഡിസബിലിറ്റി സർട്ടിഫിക്കട്ടിന്റെ സ്വയം അറ്റസ്റ്റ് ചെയ്ത കോപ്പി, ബാങ്ക് പാസ്സ് ബുക്ക്, നിരാമയ കാർഡ് എന്നിവയുടെ കോപ്പി ബില്ലിനോടൊപ്പം വയ്ക്കുക.

- ❖ **ചികിത്സ നടത്തി 25 ദിവസത്തിനുള്ളിൽ അപേക്ഷയും അനുബന്ധരേഖകളും ഇൻഷുറൻസ് കമ്പനിയിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഡ് പോസ്റ്റായി അയക്കേണ്ടതാണ്.**

## ലീഗൽ ഗാർഡിയൻഷിപ്പ്

സാധാരണഗതിയിൽ 18 വയസ്സ്കഴിഞ്ഞാൽഏതൊരുവ്യക്തിയും ഭരണഘടനയ്ക്കും/നിയമത്തിനും മുൻപിൽ മേജർ ആകുന്നു. എന്നാൽ മേൽപ്പറഞ്ഞ വൈകല്യമുള്ള വ്യക്തികൾ 18 വയസ്സ് കഴിഞ്ഞാലും യുക്തി പൂർവ്വം പക്വതയോടെ ചിന്തിക്കാനോ ബാങ്കിങ്/പണമിടപാടുകൾ നടത്തുന്നതിനോ, സ്വയം തീരുമാനങ്ങൾ എടുക്കുനതിനോ കഴിവില്ലാത്തവരായതിനാൽ നിയമത്തിനു മുന്നിൽ ഇവർ 'മൈനർ' ആണ്.

അതിനാൽ മേൽപ്പറഞ്ഞവരുടെ സ്വത്തും സംരക്ഷണവും ഉറപ്പക്കുന്നതിനും അവരെ പ്രതിനിധാനം ചെയ്തു പ്രവർത്തിക്കുന്നതിനും (വൈകല്യമുള്ള വ്യക്തികൾ ഉൾപ്പെടുന്ന കുടുംബസ്വത്തുക്കൾ ക്രയവിക്രയം ചെയ്യുക, ബാങ്ക് അക്കൗണ്ട് തുടങ്ങുക,കുടുംബ പെൻഷൻ കൈപ്പറ്റുക മുതലായവ) മറ്റു ലീഗൽ ഗാർഡിയൻഷിപ്പ് ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്. ജീവിതത്തിലുടനീളം അവർക്കു വേണ്ടി ഉചിതമായി പ്രവർത്തിക്കാനായി മാതാപിതാക്കളോ, സഹോദരങ്ങളോ, അടുത്ത ബന്ധുക്കളോ 1999-ൽ ഇന്ത്യൻ പാർലമെൻറ് പാസാക്കിയ നാഷണൽ ട്രസ്റ്റ് നിയമപ്രകാരം ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം.